പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3861 19/03/2018-ൽ മറുപടിക്ക്

## പ്രൈമറി സ്കൂൾ അസിസ്റ്റന്റ് തസ്തികകളിലെ നിയമനത്തിന് കെ.റ്റി.ഇ.റ്റി യോഗ്യത

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അബ്ദുൽ ഹമീദ്.പി: | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പമന്ത്രി) |
| (എ) എൽ.പി.എസ്.എ/യു.പി.എസ്.എ തസ്തികളി-ലെ നിയമനത്തിന് കെ.റ്റി.ഇ.റ്റി യോഗ്യത നിർബന്ധമാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) 1/10/2011 ലെ ജി.ഒ (പി) നം. 199/2011/ പൊവിവ പ്രകാരം സംസ്ഥാനത്തെ സ്കൂളുകളിലെ എൽ.പി./യു.പി/ഹൈസ്കൂൾ അദ്ധ്യാപക നിയമനത്തിനുള്ള യോഗ്യതയായി കെ-ടെറ്റ് നിഷ്കർഷിച്ചിട്ടുണ്ട് ഹൈസ്കൂൾ അദ്ധ്യാപക നിയമനത്തിന് കെ-ടെറ്റ് കാറ്റഗറി III ഉം, യു.പി സ്കൂൾ അസിസ്റ്റന്റ് നിയമനത്തിന് കെ-ടെറ്റ് കാറ്റഗറി II ഉം, എൽ.പി.എസ്.എ നിയമനത്തിന് കെ-ടെറ്റ് കാറ്റഗറി I ഉം യു.പി തലം വരെയുള്ള ഭാഷാദ്ധ്യാപക നിയമനത്തിനും സ്പെഷ്യലിസ്റ്റ് അദ്ധ്യാപക നിയമനത്തിനും കെ-ടെറ്റ് കാറ്റഗറി IV ഉം വിജയിക്കേണ്ടതുണ്ട്. |
| (ബി) കെ.റ്റി.ഇ.റ്റി യോഗ്യത നേടുന്നതിൽ നിന്നും ഏതൊക്കെ യോഗ്യതകളുള്ളവരെയാണ് ഒഴിവാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) അതത് വിഷയങ്ങളിൽ CTET, NET, SET, M.Phil, PhD യോഗ്യത നേടിയ ഉദ്യോഗാർത്ഥികളെയും M.Ed യോഗ്യതയുള്ളവരെയും കെ-ടെറ്റ് യോഗ്യത നേടുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ കെ-ടെറ്റ് കാറ്റഗറി III വിജയിച്ചവരെ കാറ്റഗറി II നേടുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. |
| (സി) പ്രസ്തുത എക്സംപ്ഷൻ വിദ്യാഭ്യാസ ഓഫീസർമാർ അംഗീകരിക്കാൻ തയ്യാറാകുന്നില്ലെന്ന പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; അറിയിക്കാമോ; | (സി) യും (ഡി) യും ഇത്തരം പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും എങ്കിലും അത് നിലവിലുള്ള ഉത്തരവുകളിലെ അവ്യക്തത മൂലമാണെന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്ന് ഇക്കാര്യങ്ങൾ വ്യക്തമാക്കി 9-3-18-ൽ 1866829/ജെ3/17/പൊ.വി.വ എന്ന ഒരു സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ഡി) കെ.റ്റി.ഇ.റ്റി എക്സംപ്ഷൻ ഉത്തരവ് കർശനമായി നടപ്പിലാക്കുന്നതിന് വിദ്യാഭ്യാസ ഓഫീസർമാർക്ക് നിർദ്ദേശം നൽകുമോ എന്ന് വ്യക്തമാക്കുമോ?. | |

സെക്ഷൻ ഓഫീസർ